പിന്നാലെ സഞ്ചരിച്ചു വന്നപ്പോൾ ആക്സിഡന്റിൽ മരിച്ചു എന്നാണ് പറഞ്ഞത്. എന്നാൽ അത് ഏത് ബൈക്കാണെന്നോ ആ ബൈക്കിന്റെ മുന്നിലിരുന്ന് ഓടിച്ച താരാണെന്നോ ഏത് വണ്ടി തട്ടിയെന്നോ ഉള്ള ഒരു വിവരവും ഇല്ല. 24 മണിക്കൂറിനു ശേഷമാണ് വീട്ടുകാരെ അറിയിക്കുന്നത്. പഠിക്കാൻ സമർത്ഥനായതുകൊണ്ട് സ്കോളർഷിപ്പ് കിട്ടി പഠിച്ചു വന്നിരുന്ന കുട്ടിയാണ്. ആ സ്കോളർഷിപ്പ് കിട്ടുന്ന പണം ഭീഷണിപ്പെടുത്തി കുട്ടിയുടെ കയ്യിൽനിന്ന് വാങ്ങുന്നതായി പരാതി നൽകിയിരുന്നു. ഈ പരാതിയിൽപ്പെട്ടയാൾ പ്രിൻസിപ്പലിന്റെ ഒരു ബന്ധുവാണ്. അതുകൊണ്ട് തന്നെ കഴിഞ്ഞവർഷം മാതാപിതാക്കൾ വന്ന് കരഞ്ഞു പറഞ്ഞതിനെ തുടർന്ന് അന്വേഷണത്തിന് ഉത്തരവിട്ടതാണ്. തമിഴ്നാട്ടിൽനിന്ന് നീതിപൂർവ്വമായ അന്വേഷണം ലഭിക്കുമെന്ന് എനിക്ക് വിശ്വാസമില്ല. അതുകൊണ്ട് സി.ബി.ഐ അന്വേഷണം ഇക്കാര്യത്തിൽ ഏർപ്പെടുത്തണം. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് നീതി പൂർവ്വമായ അന്വേഷണമെങ്കിലും ഇക്കാര്യത്തിൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): തമിഴ്നാട്ടിൽ നടന്ന ഒരു കേസ് തമിഴ്നാട് ഗവൺമെന്റിന്റെ അനുവാദമില്ലാതെ സി.ബി.ഐ. എൻക്വയറിക്ക് ഓർഡർ ചെയ്യാൻ എനിക്ക് സാധിക്കില്ല. അതാണ് ഇക്കാര്യത്തിൽ നിലവിലുള്ള നിയമം. ബഹുമാനപ്പെട്ട മെമ്പറും മരണപ്പെട്ട കുട്ടിയുടെ കുടുബാംഗങ്ങളും എല്ലാം ആവശ്യപ്പെട്ടതനുസരിച്ച് കൊല്ലം ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം 248/2003 നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും മൃതശരീരം വീണ്ടും പോസ്റ്റുമോർട്ടം പരിശോധന നടത്തിയിട്ടുള്ളതുമാകുന്നു. ഓസപരിശോധനയുടെ ഫലം ലഭിച്ചാൽ മാത്രമേ മരണകാരണം കൃത്യമായി വ്യക്തമാകു. മരണപ്പെട്ട കുട്ടിയുടെ മാതാവ് ഹൈക്കോടതി മുൻപാകെ മകന്റെ മരണത്തിൽ സംശയം പ്രകടിപ്പിച്ച് നൽകിയ പരാതിയും മുഖ്യമന്ത്രിക്ക് നൽകിയ പരാതിയും കൂടുതൽ അന്വേഷണത്തിനും റിപ്പോർട്ടിനുമായി തമിഴ്നാട് ഡി.ജി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഗവൺമെന്റ് വീണ്ടും ഇക്കാര്യം അടിയന്തിരമായി അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് പോലീസിനോട് ആവശ്യപ്പെടുന്നതാണ്.

(7) കേരളത്തിലെ സഹകരണ ചിട്ടിസ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: നിലവിലുള്ള നിയമംമൂലം കേരളത്തിലെ സഹകരണ ചിട്ടി സ്ഥാപനങ്ങൾ കടുത്ത പ്രതിസന്ധിയിലാണ്. കേരളത്തിൽ പതിനായിരത്തോളം സഹകരണ ചിട്ടി സ്ഥാപനങ്ങളുണ്ട്. എന്റെ നിയോജക മണ്ഡലമായ ഇരിങ്ങാലക്കുട ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ ഇന്ന് ആയിരത്തോളം ചിട്ടി സ്ഥാപനങ്ങളിലായി ഒരു ലക്ഷത്തോളം ജീവനക്കാർ അവരുടെ ഉപജീവനമാർഗ്ഗം നയിച്ചുകൊണ്ട് വരികയാണ്. നിലവിലുള്ള നിയമംമൂലം ചിട്ടി മുന്നോട്ട് കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. കഴിഞ്ഞ വർഷം ഒറ്റ കുറിപോലും ഇറക്കുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. രൂക്ഷമായിട്ടുള്ള ഈ പ്രതിസന്ധി പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കുറി ജീവനക്കാർ സെക്രട്ടേറിയറ്റ് പടിക്കൽ ഇന്ന് ധർണ്ണ നടത്തുകയാണ്. സമ്പദ്മേഖലയെ ആകമാനം ബാധിക്കുന്ന, പ്രത്യേകിച്ച് തൃശ്ശൂർ മേഖല ഉൾപ്പെടുന്ന പ്രദേശത്തെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം മനസ്സിലാക്കി, എല്ലാ ചിട്ടി സ്ഥാപനങ്ങളും രോഗമായി പ്രവർത്തിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള കണക്കുകൂട്ടൽ ഉപേക്ഷിച്ച്, പരമ്പരാഗതമായി ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ട് ഒരു പ്രദേശത്തിന്റെ ആകമാനമുള്ള സമ്പദ്ഘടനക്ക് ഏറെ സഹായകമായിട്ടുള്ള ചിട്ടി സ്ഥാപനം നിലനിറുത്താൻ പര്യാപ്തമാകുന്ന ഒരു നിയമ ഭേദഗതി കൊണ്ടുവരാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈയെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലോചിച്ച് പരിഹാരം കാണുന്നതാണ്.

V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാന ഗവൺമെന്റിന്റെ മത്സ്യമേഖലാ വികസന പരിപാലന നയം

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, മത്സ്യമേഖലയുടെ വികസനവും മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ സുരക്ഷയും സാമ്പത്തിക പുരോഗതിയും ഉറപ്പു വരുത്താനുതകുന്ന മത്സ്യ മേഖലാ വികസന പരിപാലനനയം ഈ സഭയിൽ സമർപ്പിക്കുന്നു.

ആഴക്കടൽ ഉൾനാടൻ മത്സ്യ ഉൽപ്പാദന വർദ്ധനവിലൂടെ നാടിന്റെ പുരോഗതിയും അതുവഴി 15 ലക്ഷത്തിലേറെ വരുന്ന മൽസ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും നന്മ വിഭാവനം ചെയ്യുന്ന ഈ നയരേഖയ്ക്ക് ജൂലൈ 7-ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 18 മാസത്തോളം വിവിധ തലങ്ങളിൽ സമഗ്രമായി ചർച്ച ചെയ്തതിനു ശേഷമാണ് നയരേഖക്ക് അന്തിമ രൂപം നൽകിയത്. തീരദേശത്തെ എം.പി.-മാർ, എം.എൽ.എ.-മാർ, ത്രിതല പഞ്ചായത്തു പ്രസിഡന്റുമാർ, തൊഴിലാളി സംഘടനാ നേതാക്കൾ, ശാസ്ത്രജ്ഞർ, പൊതു പ്രവർത്തകർ, മറ്റു വിദഗ്ദ്ധർ, കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്നവർ ഉദ്യോഗസ്ഥർ, മൽസ്യത്തൊഴിലാളികൾ എന്നിവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ആശങ്കകൾ ദൂരീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് രൂപീകരിക്കപ്പെട്ട കാബിനറ്റ് സബ്കമ്മിറ്റി നയരേഖ വിശദമായി പരിശോധിച്ചു. ഈ മേഖലയെ സംബന്ധിച്ച ഏറ്റവും സമഗ്രമായ ഈ നയരേഖ മൽസ്യത്തൊഴിലാളി സമൂഹവും അനുബന്ധ മേഖലകളും സ്വാഗതം ചെയ്യുമെന്നാണ് വിശ്വാസം മത്സ്യക്കൃഷിക്ക് സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്ന ഗ്രൂപ്പ് ഫാമിംഗ് നയരേഖ വിഭാവനം ചെയ്യുന്നു. സ്ത്രീകൾക്ക് പുതിയ സംരംഭം എന്ന നിലയിൽ അലങ്കാര മത്സ്യത്തിന്റെ ഉൽപ്പാദനത്തിനും വിപണനത്തിനും പുതിയ പദ്ധതി വയ്ക്കുന്നു. അനധികൃത അമിത നശീകരണ മത്സ്യബന്ധനരീതികൾ പൂർണ്ണമായും തടയും. വിദേശ ട്രോളറുകളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിയിൽ പൂർണ്ണമായും നിരോധിക്കും. സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ചുകൊടുക്കുന്ന 'ടോട്ടൽ ഹൗസിംഗ് പദ്ധതി' നടപ്പിലാക്കും. മത്സ്യവകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly